# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.40 25/04/2017 ന് മറുപടിക്ക്

**<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഏതെങ്കിലും അംഗത്തെ ഒഴിവാക്കിയിട്ടുണ്ടോ; | എ) & ബി) | ആരെയും ഒഴിവാക്കിയിട്ടില്ല. പേഴ്സണൽ സ്റ്റാഫിൽ നിന്നും ചിലരെ വിടുതൽ ചെയ്തിട്ടുണ്ട്. അവരെ സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| ബി) | എങ്കിൽ, ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം സ്റ്റാഫ് അംഗങ്ങളെ ഏതെല്ലാം തീയതികളിൽ സ്റ്റാഫിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | | |
| സി) | പേഴ്സണൽ സ്റ്റാഫിൽ തുടരവേ സ്വയം തീരുമാനിച്ച് രാജിവെച്ച പോയവർ എത്ര; മന്ത്രിമാർ ഒഴിവാക്കിയവർ എത്ര; | സി) | ആരും തന്നെ പേഴ്സണൽ സ്റ്റാഫിൽ നിന്നും രാജിവെച്ച പോയിട്ടില്ല. വ്യക്തിപരമായ കാരണങ്ങളാൽ, ബന്ധപ്പെട്ട മന്ത്രിയുടെ അനുമതിയോടുകൂടി, പേഴ്സണൽ സ്റ്റാഫിൽ നിന്നും വിടുതൽ നേടിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>ശ്രീ.കെ.ജയകുമാർ - പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി.<br>ഡോ.സെയ്തലവി സി. - തദ്ദേശ സ്വയംഭരണം, ന്യൂനപക്ഷക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി.<br>ശ്രീ.സി.രാജേന്ദ്രൻ - നിയമ, പട്ടികജാതി-പട്ടിക വർഗ്ഗ- പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ കുക്ക് |

| | | | |
|---|---|---|---|
| ഡി) | ഇവർ ഓരോരുത്തരും രാജിവച്ച് പോകാനോ ഒഴിവാക്കപ്പെടാനോ ഇടയായ കാരണങ്ങൾ എന്തായിരുന്നു; വെളിപ്പെടുത്തുമോ; | ഡി) | പേഴ്സണൽസ്റ്റാഫിലെ നിയമനവും വിടുതലും ബന്ധപ്പെട്ട മന്ത്രിയുടെ താൽപ്പര്യപ്രകാരമാണ് ചെയ്യുന്നത്. |
| ഇ) | മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും രാജിവച്ച് പോയവരിൽ സർക്കാർ സർവ്വീസിൽ നിന്നുള്ളവർ ആരൊക്കെയായിരുന്നു; നേരിട്ട് നിയമനം ലഭിച്ചവർ ആരൊക്കെ യായിരുന്നു; വിശദമാക്കുമോ? | | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| നം. | പേര് | തസ്തിക | വിടുതൽ തീയതി |
|---|---|---|---|
| 1 | ശ്രീമതി.ശ്രീകുമാരി സി. | തദ്ദേശ സ്വയംഭരണം, ന്യൂനപക്ഷ ക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പ് മന്ത്രിയുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 04/07/2016 |
| 2 | ഡോ.സെയ്തലവി സി. | തദ്ദേശ സ്വയംഭരണം, ന്യൂനപക്ഷ ക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി | 16/08/2016 |
| 3 | ശ്രീ.സതീഷ് ചന്ദ്രൻ എസ്. | ഭക്ഷ്യ, സിവിൽ സപ്ലൈസ്, ഉപഭോക്തൃ സംരക്ഷണ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി | 31/08/2016 |
| 4 | ശ്രീ.കെ.പി.ശ്രീവത്സകുമാർ | വൈദ്യുതി, ദേവസ്വം വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി | 19/11/2016 |
| 5 | ഡോ.എൻ.കെ.ജയകുമാർ | മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി | 01/12/2016 |
| 6 | ശ്രീ.വി.രാധാകൃഷ്ണൻ | തദ്ദേശ സ്വയംഭരണം, ന്യൂനപക്ഷ ക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി | 06/12/2016 |
| 7 | ശ്രീമതി.മായാദേവി സി.എസ്. | സഹകരണവും ടൂറിസവും വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി | 17/12/2016 |
| 8 | ശ്രീ.വിശ്വംഭരൻ കെ. | സഹകരണം, ടൂറിസം വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി | 17/12/2016 |
| 9 | ശ്രീ.കെ.ജയകുമാർ | പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി | 11/01/2017 |
| 10 | ശ്രീ.എ.പ്രേമാനന്ദൻ | തദ്ദേശ സ്വയംഭരണം, ന്യൂനപക്ഷ ക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പ് | 17/01/2017 |

| | | | |
|---|---|---|---|
| | | മന്ത്രിയുടെ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റ് | |
| 11 | ശ്രീ.ബി.എസ്.പ്രകാശ് | മുഖ്യമന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി | 31/01/2017 |
| 12 | ശ്രീ.കെ.രാജശശി | മുഖ്യമന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി | 31/01/2017 |
| 13 | ശ്രീ.സി.രാജേന്ദ്രൻ | നിയമ, പട്ടികജാതി-പട്ടിക വർഗ്ഗ-പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ കുക്ക് | 17/04/2017 |

സെക്ഷൻ ഓഫീസർ